# കേരളസർവകലാശാല

നം.പി.ആർ.249/2021

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നവംബർ 2020 ൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.കോം. (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുളള അപേക്ഷകൾ ഡിസംബർ 10 ന് മുൻപ് സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2021 ഡിസംബർ 4 ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി (2019 സ്കീം) പരീക്ഷ ഡിസംബർ 7 ന് നടത്തുന്നതാണ്. മറ്റു ദിവസത്തെ പരീക്ഷകൾക്ക് മാറ്റമില്ല.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ആഗസ്റ്റിൽ മാർ ക്രിസ്സോസ്റ്റോം കോളേജിൽ വച്ച് നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.സി.എ. ഡിഗ്രി കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 3, 4 തീയതികളിൽ പ്രസ്തുത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### സി.എ.സി.ഇ.ഇ. – വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഡിസംബർ 20 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ് കാലാവധി: 6 മാസം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് ഫീസ്: 9,000, ഉയർന്ന പ്രായപരിധി ഇല്ല.

www.keralauniversity.ac.in നിന്നും (സർവകലാശാല വെബ്സൈറ്റ്) Departments-Centre for Adult Continuing Education and Extension page) അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് SBI യിൽ A/c.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം പി.എം.ജി. ജംഗ്ഷൻ, സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലെ സി.എ.സി.ഇ.ഇ. ഓഫീസിൽ എത്തിക്കേണ്ടതാണ്.

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നടത്തുന്ന ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ, സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് എന്നീ കോഴ്സുകൾക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ: യോഗ്യത:പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ്കാലാവധി: 6 മാസം, ക്ലാസുകൾ:വൈകുന്നേരം 5 മുതൽ 7 വരെ, കോഴ്സ്ഫീസ്: 15,000 രൂപ, അപേക്ഷാഫീസ്: 100 രൂപ, ഉയർന്ന പ്രായപരിധി ഇല്ല. സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്: യോഗ്യത:പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ്കാലാവധി: 4 മാസം, ക്ലാസുകൾ:കാര്യവട്ടം ക്യാമ്പസിൽ, കോഴ്സ്ഫീസ്: 5,000 രൂപ, അപേക്ഷാഫീസ്: 100 രൂപ, ഉയർന്ന പ്രായപരിധി ഇല്ല.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 15. താൽപ്പര്യമുളളവർ അസൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പും ഒരു ഫോട്ടോയും സഹിതം പി.എം.ജി. ജംഗ്ഷൻ, സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലെ സി.എ.സി.ഇ.ഇ. ഓഫീസിൽ ഹാജരാകേണ്ടതാണ്. ഫോൺ: 0471 – 2302523

## പി.ജി. ഡിപ്ലോമ ഇൻ ഫിലോസഫിക്കൽ കൗൺസിലിംഗ് - അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ ഫിലോസഫി പഠനഗവേഷണവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സെന്റർ ഫോർ ഫിലോസഫിക്കൽ കൗൺസിലിംഗ് ആന്റ് റിസർച്ച് നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ ഫിലോസഫിക്കൽ കൗൺസിലിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി: 1 വർഷം, ഫീസ്: 20,000 രൂപ. യോഗ്യത: 50% മാർക്കോടെ അംഗീകൃത സർവകലാശാല ബിരുദം. (ഫിലോസഫി, സൈക്കോളജി, സോഷ്യോളജി, സയൻസ് വിഷയങ്ങളിൽ ബിരുദം ഉളളവർക്ക് അപേക്ഷിക്കാം.) സീറ്റുകളുടെ എണ്ണം: 30. അപേക്ഷാഫോമിന്റെ വില: 100 രൂപ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 30. അപേക്ഷാഫോം www.cpcruok.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷാഫോം കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിലുളള ഫിലോസഫി പഠനഗവേഷണവകുപ്പിന്റെ ഓഫീസിൽ നിന്നും നേരിട്ടും ലഭ്യമാണ്. വിശദവിവരങ്ങൾക്ക്: 9447556802

തിരുവനന്തപുരം,
01.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**